"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്ത് പത്താം വാർഡ് മെമ്പർ ശ്രീമതി എൽസി ശേഖർ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും വേതനം കൈപ്പറ്റിയ ദിവസങ്ങളിൽ പഞ്ചായത്തിന്റെ ഔദ്യോഗിക യോഗങ്ങളിൽ പങ്കെടുത്തിട്ടുള്ളതു സംബന്ധിച്ച പരാതി - 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271ജെ പ്രകാരം ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.61/2026/LSGD തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.09.2025 തീയതിയിലെ LSGD/PD/16645/2025-VIGE6 നമ്പർ കത്ത്.

2. 20.09.2023 തീയതിയിലെ ഡിഡി2/128/2023/ത.സ്വ.ഭ.വ നമ്പർ സർക്കുലർ.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്ത് പത്താം വാർഡ് മെമ്പർ ശ്രീമതി എൽസി ശേഖർ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും 23/02/2023, 10/08/2023, 07/10/2023, 07/11/2023, 14/03/2024 എന്നീ ദിവസങ്ങളിൽ വേതനം കൈപ്പറ്റുകയും ടി ദിവസങ്ങളിൽ വിവിധ പഞ്ചായത്ത് യോഗങ്ങളിൽ പങ്കെടുത്തിട്ടുള്ളതായി അന്വേഷണത്തിൽ ബോദ്ധ്യമായ വിവരം പരാമർശം - 1 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പദ്ധതി നിർവഹണം കാര്യക്ഷമവും അഴിമതി രഹിതവുമായി നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ ചുമതലപ്പെട്ടിട്ടുള്ള തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി തന്നെ ഇത്തരം നിയമവിരുദ്ധമായ കാര്യങ്ങളിൽ ഏർപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഇത്തരം സംഭവങ്ങൾ സർക്കാർ

ഗൗരവബുദ്ധ്യാ പരിശോധിക്കുന്നതും ഇവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയ്ക്കുന്നതുമാണെന്ന് പരാമർശം-2 സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പീരുമേട് ഗ്രാമപഞ്ചായത്ത് പത്താം വാർഡ് മെമ്പർ ശ്രീമതി എൽസി ശേഖറിനെതിരായ പരാതി 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271ജെ പ്രകാരം, ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/215/2025-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
Date: 12-01-2026 11:45:30
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.